## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4636 | 18.05.2017-ൽ മറുപടിയ്ക്ക്

# അംഗസമാശ്വാസഫണ്ട് വിനിയോഗത്തിന് ചട്ടം നിർമിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ. വിജയൻ പിള്ള** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 53 A പ്രകാരം രൂപീകരിച്ചിട്ടുള്ളതും സഹകരണ സംഘങ്ങളുടെ അറ്റലാഭത്തിൽ നിന്ന് മാറ്റിവയ്ക്കപ്പെടുന്നതുമായ അംഗസമാശ്വാസഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; | (എ) | ചട്ടം 53 (എ) പ്രകാരം അംഗസമാശ്വാസഫണ്ടിന്റെ നിയന്ത്രണം, കൈകാര്യം എന്നിവ ബഹു. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരടങ്ങുന്ന കമ്മിറ്റിക്കാണ്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | ചട്ടം പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിൽ ചട്ടം നിർമ്മിക്കുമ്പോൾ സഹകരണ സംഘ ത്തിൽ നിന്നും വായ്പ എടുത്ത് ഗുരുതരമായ അസുഖം ബാധിച്ച രോഗികളുടെ വായ്പകൾ എഴുതിതള്ളുന്നതിന് അംഗസമാശ്വാസ ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം നിർമ്മിക്കുമോ? | (ബി) | ചട്ടം 53 (എ) പ്രകാരം രൂപീകരിച്ചിട്ടുള്ള അംഗസമാശ്വാസഫണ്ട് സംഘങ്ങളിലെ അംഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംഘത്തിൽ നിന്നും വായ്പ എടുത്ത് ഗുരുതരമായ അസുഖം ബാധിച്ച രോഗികളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് അംഗസമാശ്വാസ ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ